## കെഎസ്ആർടിസി ഏർപ്പെടുത്തിയ ബസ് സർവീസ് ക്രമീകരണങ്ങൾ

ശബരിമല മണ്ഡല - മകരവിളക്ക് മഹോത്സവുമായി ബന്ധപ്പെട്ട് പമ്പ, നിലയ്ക്കൽ ബസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള കെഎസ്ആർടിസിയുടെ ബസ് സർവീസ് ക്രമീകരണങ്ങൾ ചുവടെ.

പമ്പ

* പമ്പയിൽ നിന്നു നിലയ്ക്കലിലേക്ക് ഇടമുറിയാതെ ചെയിൻ സർവീസുകൾ ലഭ്യമാണ്.

* ചെയിൻ സർവീസുകളിലേക്കുള്ള ടിക്കറ്റുകൾ ബസ്സിൽ തന്നെ ലഭിക്കും.

* ചെയിൻ സർവീസുകളെല്ലാം ത്രിവേണി ജങ്ഷനിൽ നിന്ന് മാത്രമാണ് സർവീസ് നടത്തുക.

* പമ്പ ബസ് സ്റ്റേഷനിൽ നിന്നു ദീർഘദൂര ബസ്സുകൾ മാത്രമേ സർവീസ് നടത്തു.

* പമ്പ ബസ് സ്റ്റേഷനിൽ നിന്നും ചെങ്ങന്നൂർ, തിരുവനന്തപുരം, എറണാകുളം, കുമളി, കോട്ടയം, കമ്പം, തേനി, പഴനി, തെങ്കാശി തുടങ്ങിയ സ്ഥലങ്ങളിലേക്ക് ദീർഘദൂര സർവീസുകൾ ഉണ്ടായിരിക്കും.

* അയ്യപ്പഭക്തരുടെ ആവശ്യപ്രകാരം, ആവശ്യമുള്ള സ്ഥലങ്ങളിലേക്ക്, പ്രത്യേക ചാർട്ടേഡ് ബസ്സുകളും ലഭ്യമാണ്.

* ഒട്ടേറെ ഭക്തർ ഉണ്ടെങ്കിൽ ഗ്രൂപ്പ് ടിക്കറ്റ്, ഓൺ ലൈൻ ടിക്കറ്റ് തുടങ്ങിയ സംവിധാനങ്ങൾ ഉണ്ടായിരിക്കും.

* പമ്പ  - ത്രിവേണി, യു ടേൺ എന്നിവിടങ്ങളിൽ നിന്ന് പമ്പ ബസ് സ്റ്റേഷനിലേക്ക് ഭക്തർക്കായി സൗജന്യ സർവീസ് ഉണ്ടായിരിക്കും.

നിലയ്ക്കൽ

* നിലയ്ക്കൽ നിന്നു പമ്പയിലേക്ക് ഇടമുറിയാതെ ചെയിൻ സർവീസുകൾ ഉണ്ടാവും.

* ഗതാഗതക്കുരുക്ക് ഒഴിവാക്കുന്നതിനായി നിലയ്ക്കലിലെ ത്രിവേണി ജങ്ഷനിൽ നിന്നു നിലയ്ക്കൽ ബസ് സ്റ്റേഷനിലേക്കുള്ള റോഡ് കെഎസ്ആർടിസി വാഹനങ്ങൾക്ക് മാത്രമായി പരിമിതപ്പെടുത്തി.

* മറ്റ് സ്വകാര്യ വാഹനങ്ങൾക്ക് ഈ റോഡിൽ പ്രവേശനം ഇല്ല.

* പമ്പയിൽ നിന്നു ദീർഘദൂര ബസ്സുകൾ ലഭ്യമാണ്.

* പമ്പ ബസ് സ്റ്റേഷനിൽ നിന്നും, ചെങ്ങന്നൂർ, തിരുവനന്തപുരം, എറണാകുളം, കുമളി, കോട്ടയം തുടങ്ങിയ സ്ഥലങ്ങളിലേക്ക് ദീർഘദൂര സർവീസുകൾ ഉണ്ടാവും.

* അയ്യപ്പ ഭക്തർ ആവശ്യപ്പെടുന്ന സ്ഥലങ്ങളിലേക്ക് പ്രത്യേക ചാർട്ടേഡ് ബസ്സുകളും ലഭ്യമാണ്.

* ഒട്ടേറെ ഭക്തർ ഉണ്ടെങ്കിൽ ഗ്രൂപ്പ് ടിക്കറ്റ്, ഓൺ ലൈൻ ടിക്കറ്റ് തുടങ്ങിയ സംവിധാനങ്ങൾ ഉണ്ടായിരിക്കും.

**ഭക്തജനസാഗരത്തിലാഴ്ന്ന് പൂണ്യപൂങ്കാവനം**

*വെർച്വൽ ക്യൂ വഴി രാത്രി എട്ട് മണി വരെ 62,094 പേർ എത്തി

മലകയറ്റവും അയ്യപ്പദർശനവും സുരക്ഷയോടെ സുഖകരം. വെർച്വൽ ക്യൂ വഴി രാത്രി എട്ട് മണി വരെ 62,094 പേർ സന്നിധാനത്തെത്തി. അയ്യന്റെ പുണ്യപൂങ്കാവനം ഭക്തജനസാഗരത്തിൽ നിറയുമ്പോൾ സുരക്ഷാ ക്രമീകരണങ്ങളും പൂർണ്ണ സജ്ജം. നടപ്പന്തലിൽ സ്ത്രീകൾക്കും വയോജനങ്ങൾക്കും ഭിന്നശേഷിക്കാർക്കും കുട്ടികൾക്കും പ്രത്യേക വരിയും തയ്യാർ. നടപ്പന്തലിൽ ആറ് വരികളിലായാണ് ഭക്തരെ നിയന്ത്രിക്കുന്നത്. ഇത് വഴി സുരക്ഷയോടെ ഘട്ടം ഘട്ടമായാണ് പതിനെട്ടാം പടിയിലേക്ക് ആലിൻചുവട്ടിലൂടെ കടത്തിവിടുന്നത്. പുല്ല്മേട് വഴി വരുന്ന ഭക്തരെ ഓഡിറ്റോറിയത്തിനോട് ചേർന്ന് ക്രമീകരിച്ച പാതിയിലൂടെ ടോക്കൺ അടിസ്ഥാനത്തിൽ കടത്തിവിടുന്നു. നടപ്പന്തലിൽ വിവിധ പോയിന്റുകളിലായി തീർത്ഥാടകർക്കും ഉദ്യോഗസ്ഥർക്കും പുണ്യ ഭൂമിയിൽ എത്തുന്ന എല്ലാവർക്കും ദാഹമകറ്റാൻ ചുക്ക് വെള്ളവും സദാ സജ്ജം.

**ശബരിമലയിലെ 13.12.2023 ലെ ചടങ്ങുകൾ**

.............

പുലർച്ചെ 2.30 ന് പള്ളി ഉണർത്തൽ

3 ന്.... തിരുനട തുറക്കൽ.. നിർമ്മാല്യം

3.05 ന് .... പതിവ് അഭിഷേകം

3.30 ന് ...ഗണപതി ഹോമം

3.30 മുതൽ 7 മണി വരെയും 8 മണി മുതൽ 11 .30 മണി വരെയും നെയ്യഭിഷേകം

7.30 ന് ഉഷപൂജ

12 ന് ഇരുപത്തിയഞ്ച് കലശപൂജ

തുടർന്ന് കളഭാഭിഷേകം

12.30 ന് ഉച്ചപൂജ

1 മണിക്ക് ക്ഷേത്രനട അടയ്ക്കും.

വൈകുന്നേരം 3 മണിക്ക് ക്ഷേത്രനട തുറക്കും

6.30ന് ദീപാരാധന

6.45 ന് പുഷ്പാഭിഷേകം

9.30 മണിക്ക് .....അത്താഴപൂജ

10.50ന് ഹരിവരാസനം സങ്കീർത്തനം പാടി 11മണിക്ക് ശ്രീകോവിൽ നട അടയ്ക്കും.